DESPATCHED On..20/12/21...



18/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1444(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 13341/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 18**

Sri. Deepak D.Prabhu,
Room No. 17/1894/C-1,
2nd floor, Abha Arcade,
East Kottaparamba,
Kozhikkode – 673 001.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഹുസൂർ ശിരസ്തദാർ, കളക്ടറേറ്റ്, കോഴിക്കോട്.
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി തഹസിൽദാർ (ഹെഡ്ക്വാർട്ടേഴ്സ്), താലൂക്ക് ഓഫീസ്, താമരശ്ശേരി, കോഴിക്കോട്.
3) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (ഡി.സെക്ഷൻ), കളക്ടറേറ്റ്, കോഴിക്കോട്.
4) അപ്പീൽ അധികാരി & ഡെപ്യൂട്ടി കളക്ടർ (ജനറൽ), കളക്ടറേറ്റ്, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 24/02/2021, 31/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/07/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 19/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 21/10/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/10/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/11/2021, 29/11/2021 |
| ഹിയറിംഗ് നടന്ന തീയതി | 17/12/2021 –വീഡിയോ/ ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എതിർകക്ഷികൾ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ദീപക് ഡി.പ്രഭു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച

അപേക്ഷയിൽ ആവശ്യപ്പെട്ട യാതൊരു വിവരവും നൽകാതെയുള്ള ഒരു മറുപടിയാണ് 5.2.2021-ന് അയച്ചു നൽകിയിട്ടുള്ളതെന്നും അപേക്ഷയിൽ 1 മുതൽ 7 വരെ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാന് നേരിട്ട് നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് 2-ാം എതിർകക്ഷിയ്ക്കും 3-ാം എതിർകക്ഷിയ്ക്കും അയച്ചു നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടി എതിർകക്ഷികൾ യാതൊരു വിവരങ്ങളും നൽകിയിട്ടില്ല എന്നും തുടർന്ന് 31.3.2021-ന് ഒന്നാം അപ്പീൽ സമർപ്പിച്ചുവെങ്കിലും ആവശ്യപ്പെട്ട വിവരം ലഭ്യമാക്കാതെ ആയത് സമയപരിധി കഴിഞ്ഞ് 7.7.2021-നാണ് തീർപ്പാക്കിയിട്ടുള്ളതെന്നും ആയതിനാൽ ടി അപ്പീൽ പരിഗണിച്ച് അപേക്ഷയിൽ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും രേഖകളും ലഭ്യമാക്കണമെന്നും കൂടാതെ എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമപ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. 09.10.2020 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താമരശ്ശേരി താലൂക്ക് ഓഫീസിൽ 1.65 ലക്ഷം രൂപയുടെ അഴിമതി നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കി 2.10.2020-ലെ മാതൃഭൂമി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചു വന്ന റിപ്പോർട്ടുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങളും രേഖകളും നൽകണമെന്നാണ്:

i. മേൽ പത്ര റിപ്പോർട്ടിൽ സൂചിപ്പിച്ച താമരശ്ശേരി താലൂക്ക് തഹസിൽദാരുടെ രാത്രി ഡ്രൈവറായിരുന്നുവെന്ന് വ്യക്തമാക്കിയ ജീവനക്കാരുടെ പേരുകളും അവർ ഇരുവരുടെയും പൂർണ്ണ സ്ഥിര മേൽവിലാസങ്ങളും നൽകണമെന്നും

ii. മേൽ തഹസിൽദാർ ഏത് തീയതിയാണ് താമരശ്ശേരി താലൂക്ക് ഓഫീസിൽ തഹസിൽദാറായി ചുമതലയേറ്റിട്ടുള്ളത് എന്നും

iii. മേൽ പത്ര റിപ്പോർട്ടിൽ വ്യക്തമാക്കിയ രീതിയിൽ രാത്രി ഡ്രൈവറായ ജീവനക്കാരൻ ഏത് തീയതി മുതൽ ഏത് തീയതി വരെയുള്ള ശമ്പളമാണ് കൈപ്പറ്റിയിട്ടുള്ളതെന്നും

iv. രാത്രി ഡ്രൈവറായിരുന്നുവെന്ന് വ്യക്തമാക്കിയ മേൽ ജീവനക്കാരൻ മേൽ കാലയളവിൽ ഒപ്പ് രേഖപ്പെടുത്തിയ ഹാജർ ബുക്കിന്റെ മുഴുവൻ പേജുകളുടെയും സർട്ടിഫൈഡ് കോപ്പികൾ നൽകണമെന്നും മറ്റുമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 05.02.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ 8, 9, 10, 11 എന്നീ ഇനങ്ങളിലെ വിഷയം ടി കാര്യാലയത്തിലെ സീക്രട്ട് സെക്ഷനിൽ കൈകാര്യം ചെയ്ത് വരുന്നതും തുടർനടപടിയിലിരിക്കുന്നതുമാണെന്നും, ആവശ്യപ്പെട്ട

പരിശോധനാ റിപ്പോർട്ട്, ബന്ധപ്പെട്ട രേഖകൾ എന്നിവ അനുവദിക്കുന്നപക്ഷം അച്ചടക്കനടപടിയുടെ തുടർപ്രക്രിയ്ക്ക് തടസ്സം നേരിടുമെന്നതിനാൽ വിവരാവകാശ നിയമം 8(1)(എച്ച്) വകുപ്പ് പ്രകാരം മേൽ ഇനങ്ങൾക്ക് മറുപടിയായുള്ള പകർപ്പുകൾ നൽകുവാൻ നിർവ്വാഹമില്ല എന്നും, 1 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കായി വാഹനം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന ടി കാര്യാലയത്തിലെ ഡി–സെക്ഷനിലും, താമരശ്ശേരി താലൂക്ക് ഓഫീസിലും ലഭ്യമാണെങ്കിൽ ടിയാന് നേരിട്ട് നൽകുന്നതിനായി വിവരാവകാശ നിയമം സെക്ഷൻ 6(3) വകുപ്പ് പ്രകാരം അപേക്ഷയുടെ പകർപ്പ് ടി എസ്.പി.ഐ.ഒ.മാർക്ക് കൈമാറിയിട്ടുണ്ടെന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ 31.3.2021–ന് നാലാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ 7.7.2021 തീയതി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നു.

4. മേൽപ്പടി അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയുടെ പകർപ്പ് ഒന്നാം എതിർകക്ഷിയിൽ നിന്നും 23.11.2021–നാണ് ലഭിച്ചതെന്നും ആയത് പരിശോധിച്ചതിൽ ഇതേ അപേക്ഷ നേരത്തെ ടി കാര്യാലയത്തിലെ എഫ്–സെക്ഷനിൽ കൈകാര്യം ചെയ്തിട്ടുള്ളതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ഫയൽ എഫ്–സെക്ഷനിലേയ്ക്ക് കൈമാറിയിട്ടുണ്ടെന്നാണ്.

5. മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ശ്രീ. ദീപക് ഡി.പ്രഭു 9.10.2021–ന് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ ഒന്നാം എതിർകക്ഷിയിൽ നിന്നും 5.2.2021–ന് എസ്3/1418/2021 നമ്പർ കത്ത് പ്രകാരം എസ്.പി.ഐ.ഒ. & എച്ച്.ക്യു.ഡി.ടി. താലൂക്ക് ഓഫീസ് താമരശ്ശേരി, എസ്.പി.ഐ.ഒ. ജെ.എസ്.ഡി. കളക്ടറേറ്റ് കോഴിക്കോട് എന്നിവർക്ക് ക്രമനമ്പർ 8 മുതൽ 11 വരെ ഒഴിച്ചുള്ള വിവരങ്ങൾ അപേക്ഷകന് നേരിട്ട് നൽകുന്നതിനായി വിവരാവകാശ നിയമം സെക്ഷൻ 6(3) പ്രകാരം കൈമാറിയിരുന്നുവെന്നും അപേക്ഷയിലെ 1 മുതൽ 7 വരെയുള്ള ചോദ്യങ്ങൾ പരിശോധിച്ചതിൽ ആയത് താമരശ്ശേരി താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ടതാണെന്ന് ബോധ്യപ്പെട്ടു എന്നും കളക്ടട്രേറ്റിലെ വാഹനവും അതുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ടി വിവരാവകാശ അധികാരിയുടെ പരിധിയിൽ കൈകാര്യം ചെയ്യുന്നതെന്നും ആയതിനാൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടി വിവരാവകാശ അധികാരിയുടെ പരിധിയിൽ ലഭ്യമല്ലെന്ന വിവരം 6.2.2021–ലെ ഡി2–11492/2018 നമ്പർ കത്ത് പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണെന്നും എന്നാൽ രണ്ടാം അപ്പീൽ അപേക്ഷയിൽ ടി വിവരാവകാശ അധികാരിയിൽ നിന്നും യാതൊരു വിവരങ്ങളും മറുപടിയും

ലഭ്യമായിട്ടില്ലെന്നാണ് കാണിച്ചിരിക്കുന്നതെന്നും ടി ആഫീസിലെ ഡെസ്പാച്ച് രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷകന് 6.2.2021-ലെ മറുപടി 11.2.2021-ന് സാധാരണ തപാലിൽ അയച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയത് ലഭ്യമായിട്ടില്ലെന്ന് അറിയിച്ച സാഹചര്യത്തിൽ റിപ്പോർട്ടിന്റെ പകർപ്പിനോടൊപ്പം രജിസ്റ്റേർഡ് തപാൽ മുഖേന ഹർജിക്കാരന് വീണ്ടും അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്.

6. നാലാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 3.4.2021 തീയതി ടി കാര്യാലയത്തിൽ ലഭിച്ച അപ്പീൽ ഹർജിയെ തുടർന്ന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഹുസൂർ ശിരസ്തദാർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയതായി ഹുസൂർ ശിരസ്തദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും താമരശ്ശേരി തഹസിൽദാർക്കെതിരെ തുടർനടപടിയിലിരിക്കുന്ന വിഷയത്തിന്മേലുള്ള പകർപ്പുകൾ ലഭ്യമാക്കണമെന്ന് കാണിച്ച് 28.1.2021 തീയതി ലഭ്യമായ 11 ചോദ്യങ്ങൾക്കുള്ള വിവരാവകാശ അപേക്ഷയിൽ 8, 9, 10, 11 ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ മാത്രമെ സീക്രട്ട് സെക്ഷനിൽ ലഭ്യമായിരുന്നുള്ളുവെന്നും തുടർനടപടിയിലിരിക്കുന്ന വിവരങ്ങളായതിനാൽ അപേക്ഷകൻ ആവശ്യപ്പെട്ട പരിശോധനാ റിപ്പോർട്ട്, ബന്ധപ്പെട്ട രേഖകൾ എന്നിവ അനുവദിക്കുന്ന പക്ഷം ആയത് അച്ചടക്ക നടപടിയുടെ തുടർപ്രക്രിയയ്ക്ക് തടസ്സം നേരിടുമെന്നതിനാൽ വിവരാവകാശ നിയമം സെക്ഷൻ 8(1) (എച്ച്) പ്രകാരം ആവശ്യപ്പെട്ട പകർപ്പുകൾ നൽകുവാൻ നിർവ്വാഹമില്ലെന്നും, എസ്-സെക്ഷനിൽ ലഭ്യമല്ലാത്ത വിവരങ്ങൾ ലഭ്യമാക്കുവാൻ താമരശ്ശേരി തഹസിൽദാർക്കും ഡി സെക്ഷൻ ജൂനിയർ സൂപ്രണ്ടിനും സെക്ഷൻ 6(3) പ്രകാരം അപേക്ഷ കൈമാറിയിരുന്നതും ആയതിന് മറുപടി നൽകിയിട്ടുള്ളതാണെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഹുസൂർ ശിരസ്തദാർ സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതിനാലും അനുവദനീയമായ വിവരങ്ങൾ നൽകിയിട്ടുള്ളതിനാലും അപ്പീൽ അപേക്ഷയിന്മേൽ തുടർനടപടികൾ ആവശ്യമില്ലാത്തതിനാൽ അപ്പീൽ അപേക്ഷ 7.7.2021-ന് തീർപ്പാക്കി ഉത്തരവാകുകയും ആയത് അപേക്ഷകന് അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്.

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ, അപേക്ഷയിലെ 8, 9, 10, 11 എന്നീ ഇനങ്ങൾക്ക് ഹർജിക്കാരന് വിവരം ലഭ്യമാക്കേണ്ടിയിരുന്നത് ഒന്നാം എതിർകക്ഷിയും 1 മുതൽ 7 വരെയുള്ള ഇനങ്ങൾക്ക് വിവരം ലഭ്യമാക്കേണ്ടിയിരുന്നത് രണ്ടാം എതിർകക്ഷി കാര്യാലയത്തിലെ എഫ്-സെക്ഷന്റെ ചുമതലയുള്ള എസ്.പി.ഐ.ഒ.യുമാണെന്ന് കാണുന്നു. 8 മുതൽ 11 വരെയുള്ള ഇനങ്ങൾക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്

ഹർജിക്കാരൻ ആവശ്യപ്പെട്ട പരിശോധനാ റിപ്പോർട്ട്, ബന്ധപ്പെട്ട രേഖകൾ എന്നിവ അനുവദിക്കുന്നപക്ഷം കുറ്റാരോപിതനായ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടിയുടെ തുടർപ്രക്രിയയ്ക്ക് തടസ്സം നേരിടുന്നതിനാൽ വിവരാവകാശ നിയമം 8(1)(എച്ച്) പ്രകാരം മറുപടി നൽകാൻ നിർവ്വാഹമില്ല എന്നാണ്. 1 മുതൽ 7 വരെയുള്ള ഇനങ്ങൾക്ക് രണ്ടാം എതിർകക്ഷി കാര്യാലയത്തിലെ (എഫ്) സെക്ഷനിൽ നിന്നും മറുപടി തയ്യാറാക്കി വരികയാണെന്നാണ് ഹിയറിംഗ് വേളയിൽ രണ്ടാം എതിർകക്ഷി അറിയിച്ചിട്ടുള്ളത്. ചുരുക്കത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട യാതൊരു രേഖകളും ലഭ്യമായിട്ടില്ല എന്നാണ് കമ്മീഷന് ബോധ്യമാകുന്നത്. ആയതിനാൽ രണ്ടാം എതിർകക്ഷി ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ഉറപ്പ് നൽകിയ പ്രകാരം രണ്ടാം എതിർകക്ഷി കാര്യാലയത്തിലെ (എഫ്) സെക്ഷനിൽ നിന്നും അപേക്ഷയിലെ 1 മുതൽ 7 വരെയുള്ള ഇനങ്ങൾക്കുള്ള വിവരങ്ങൾ 31.12.2021–നകം ഹർജിക്കാരന് നൽകിയിട്ടുണ്ട് എന്ന കാര്യം ഉറപ്പു വരുത്തി കമ്മീഷനിൽ റിപ്പോർട്ട് ഹാജരാക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അപേക്ഷയിലെ 8 മുതൽ 11 വരെയുള്ള ഇനങ്ങൾക്ക് മറുപടി നൽകുന്നത് സ്വീകരിച്ചു വരുന്ന അച്ചടക്കനടപടിയുടെ തുടർപ്രക്രിയയ്ക്ക് തടസ്സം സൃഷ്ടിക്കുമെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ അപാകതയില്ലെന്ന് വിലയിരുത്തി ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല.

8. ഹർജിക്കാരൻ 31.3.2021–ന് നൽകിയ ഒന്നാം അപ്പീൽ 7.7.2021–നാണ് നാലാം എതിർകക്ഷി തീർപ്പാക്കിയതായി കാണുന്നത്. സമയബന്ധിതമായി അപ്പീൽ തീർപ്പാക്കാത്തത് 19(6) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ 4–ാം എതിർകക്ഷി ഇക്കാര്യത്തിലുള്ള ടിയാന്റെ വിശദീകരണം 31.12.2021–നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 18–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി